CODE No: 17

2184

# മാറ്റേണമോ ചട്ടങ്ങളെ ?

സാമൂഹ്യജീവിയാണ് മനുഷ്യൻ. കൂട്ടമായ് ജീവിക്കുന്നവൻ. ആ കൂട്ടത്തിൽനിന്ന് വേറിട്ട് അവന് ജീവിതം പ്രയാസമാണ്. എന്നാൽ ഒരു കൂട്ടമായ്, സമൂഹമായ് ജീവിക്കുമ്പോൾ ലിഖിതവും അലിഖിതവുമായ വളരെയധികം ചട്ടങ്ങൾ നാം പാലിക്കേണ്ടതായ്‌വരുന്നു. അവ സാമൂഹ്യജീവിതത്തെ സുഗമമാക്കുവാനുദ്ദേശിച്ചുള്ളതാണ്. എന്നാൽ ചില സന്ദർഭങ്ങളിൽ അവ അർത്ഥശൂന്യമാവുന്നു. ഈ ചട്ടങ്ങൾ കേവലം ചങ്ങലകളായ് അധഃപതിക്കുന്നു. മനുഷ്യപുരോഗതിക്ക് വിലങ്ങുതടിയായ് മാറുന്നു. അങ്ങനെയൊരു സാഹചര്യത്തിലാണ് കുമാരനാശാൻ

"മാറ്റുവിൻ ചട്ടങ്ങളെ സ്വയം
അല്ലെങ്കിൽ മാറ്റുമതുകളീ
നിങ്ങളെത്താൻ" എന്ന് ഉദ്ഘോഷിച്ചത്. ഒന്നുകിൽ ഈ ചട്ടങ്ങളെ നിങ്ങൾ മാറ്റേണ്ടിയിരിക്കുന്നു അല്ലെങ്കിൽ നിങ്ങൾ അതിനനുസരിച്ച് മാറേണ്ടിയിരിക്കുന്നു. കുമാരനാശാന്റെ കാലഘട്ടത്തിൽ ഈ ചട്ടങ്ങൾ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമടക്കം മാനവപുരോഗതിക്ക് വിലങ്ങുതടിയാവുന്ന, വരേണ്യവർഗത്തിന്റെ സൃഷ്ടികളായിരുന്നു. അവയെ ഉച്ചാടനം ചെയ്യുന്ന കാര്യത്തിൽ നമ്മുടെ നവോത്ഥാനനായകർ ഏറെക്കുറെ ജയിച്ചു. എന്നാലും ഇന്നും സമൂഹത്തിൽ മാറേണ്ട ചട്ടങ്ങൾ ഏറെ ബാക്കി

[redacted]

അതെ, കാവ്യശിൽപങ്ങൾ അനശ്വരമായതു കാരണം കുമാരനാശാന്റെ വരികൾ അചഞ്ചലമായി നിലനിൽക്കുന്നുവെങ്കിലും അദ്ദേഹം സംബോധനചെയ്ത ചട്ടങ്ങൾ കാലഘട്ടത്തിനനുസരിച്ച് മാറിക്കൊണ്ടേയിരിക്കുന്നു. ഈ ചട്ടങ്ങൾ അവ ഏതായാലും നാം അത് മാറ്റേണ്ടിയിരിക്കുന്നു.

സെപ്റ്റംബർ 8-ാം തീയതി മുതൽ 28-ാം തിയതിവരെയുള്ള ചെറിയകാലയളവിൽ ചർച്ചാവിഷയമായ്മാറിയ സുപ്രീംകോടതിയുടെ ചരിത്രവിധികൾ കുമാരനാശാന്റെ വരികളോട് ചേർത്തുവായിക്കാവുന്നതാണ്. അതിലാദ്യത്തേത് സ്വവർഗരതി അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു. മെക്കാളെ പ്രഭു തയ്യാറാക്കിയ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പ് അന്ന് സുപ്രീംകോടതി പൊളിച്ചെഴുതി. കാലാകാലങ്ങളായി അവഗണിക്കപ്പെട്ടുകൊണ്ടിരുന്ന ഇന്ത്യയിലെ ലൈംഗികന്യൂനപക്ഷത്തിന് അത് ആശ്വാസം തന്നെയായിരുന്നു. ഒരു പേരിലെന്തിരിക്കുന്നു എന്ന ഷേക്സ്പിയറുടെയും. "ഞാനെന്താണോ അതാണ് ഞാൻ, എന്നെ ഞാനായിത്തന്നെ കാണണം" എന്ന ഗോയ്ഥെയുടെയും വരികൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു, സുപ്രീംകോടതിയുടെ ചരിത്രപ്രഖ്യാപനം. സ്വീകാര്യത മൗലികാവകാശമായ് മാറ്റിയ കോടതി സ്വവർഗരതിക്കും അംഗീകാരം നൽകി. എന്നാൽ ലൈംഗികന്യൂനപക്ഷങ്ങളെ അംഗീകരിക്കാൻ വിസമ്മതിക്കുന്ന ചട്ടങ്ങൾ നാമിനിയും മാറ്റേണ്ടിയിരിക്കുന്നു.

സ്വവർഗരതിയനുവദിച്ച് ഒരു മാസമാവും മുൻപേ വിവാഹേതരബന്ധം ക്രിമിനൽ കുറ്റമല്ല എന്ന വിധിപുറപ്പെടുവിച്ച് സുപ്രീംകോടതി ഇന്ത്യൻ ജനതയെ ഞെട്ടിച്ചു. എന്നാൽ സ്ത്രീ പുരുഷന്റെ ജംഗമസ്വത്താണ് എന്ന ധാരണയെ ഉടച്ചുവാർക്കാൻ കോടതിക്ക് സാധിച്ചു. ഇന്ത്യയിൽ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകളുടെ ആത്മാഭിമാനം ഉയർത്തിപ്പിടിക്കുകയായിരുന്നു ആ വിധി. പരസ്വാതന്ത്ര്യവും, വിവേചനമില്ലായ്മയും ഉറപ്പുവരുത്താനായെങ്കിലും കുടുംബജീവിതത്തിന്റെ പവിത്രതയിൽ വിശ്വസിക്കുന്ന ഭാരതീയസമൂഹത്തെ ഈ വിധി എങ്ങനെ ബാധിക്കും എന്നതിൽ ചർച്ചകൾ ഇനിയും പുരോഗമിക്കുന്നു. ഈ വിധിക്ക് അധികാലം കഴിയും മുമ്പേ എന്തിനും ഏതിനും ആധാർ വേണം എന്ന സർക്കാരിന്റെ വാശിക്ക് കടിഞ്ഞാണിടാനുതകുന്ന വിധിയും സുപ്രീംകോടതി പുറപ്പെടുവിച്ചു.

ഈ ചരിത്രവിധികളിൽ കേരളത്തിലെ വിശ്വാസിസമൂഹത്തിന്റെ ഒച്ചപ്പാടിനു കാരണമായത് ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ചുകൊണ്ടുള്ള കോടതിവിധിയാണ്. എന്തുകൊണ്ട്? എന്ന ചോദ്യത്തിന് ഒരു പൊതുദേവാലയത്തിൽ അവന് പോകാമെങ്കിൽ അവൾക്കും പോകാം എന്ന് കോടതി ഉത്തരം പറഞ്ഞു. എന്നാൽ ഈ വിധിയുടെ അലയൊലികൾ ശബരിമല

ള്ള കലാപഭൂമിയാക്കുമോ ? എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ലിംഗസമത്വം അംഗീകരിച്ചുകൊണ്ടുള്ള ഈ ചരിത്രവിധി വിശ്വാസിസമൂഹത്തെ കുപിതരാക്കുന്നു.

വെറും രണ്ടാഴ്ചക്കാലം കൊണ്ട് സുപ്രീംകോടതി തിരുത്തിക്കുറിച്ച ഇത്രയും വിധികൾ നമ്മുടെ മനസ്സിൽ എത്രയോ കാലമായ് നിലനിൽക്കുന്ന അന്ധകാരത്തെ അകറ്റാൻ പര്യാപ്തമാണ്. ഇവ സമൂഹപുരോഗതിക്ക് ആക്കം കൂട്ടും എന്ന കാര്യത്തിൽ സംശയമില്ല.

നാം പാലിക്കുന്ന എത്രയോ വിശ്വാസങ്ങൾ, ആചാരങ്ങൾ, ചട്ടങ്ങൾ ചെറുപ്പകാലം തൊട്ടെ സമൂഹം ഒരു വ്യക്തിയിൽ കുത്തിവെയ്ച്ചുതുടങ്ങുന്ന കാലാകാലങ്ങളായ് നമ്മുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ചട്ടങ്ങൾ മാറ്റാനുള്ള ധൈര്യം നേടുക പ്രയാസം തന്നെയാണ്. എളുപ്പമായിരുന്നെങ്കിൽ അവ നാം എന്നേ മാറ്റിയെഴുതിയേനെ. വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ചരിത്രത്തിൽ സുവർണലിപികളിൽ എഴുതപ്പെട്ടത് ഇങ്ങനെയുള്ള അലിഖിതമായ ചട്ടങ്ങളെ മാറ്റി എന്നതുകൊണ്ടുതന്നെയാണ്. അയിത്തവും ഒരു ചട്ടമായിരുന്നു അത് സമൂഹത്തിന്റെ പുരോഗതിക്ക് വിലങ്ങുതടിയുമായിരുന്നു.

സമൂഹത്തിന്റെ പുരോഗതിയെ നിയന്ത്രിക്കുന്ന പ്രധാന ഘടകം എന്താണ്? അത് ആ സമൂഹത്തിലെ വ്യക്തികളുടെ

ഐക്യമാണ്. ഈ ഐക്യത്തിന് വിലങ്ങുതടിയാവുമ്പോഴാണ് ആചാരങ്ങൾ അനാചാരങ്ങളായ് മാറുന്നത്. അങ്ങനെയുടെ ചട്ടങ്ങളെല്ലാംതന്നെ മാറ്റിനിർത്തപ്പെടേണ്ടവയാണ്. അവ സമൂഹത്തിൽനിന്ന് അപ്രത്യക്ഷമാവുകയാണെങ്കിൽ മാത്രമേ പുരോഗതി സാധ്യമാവൂ.

നമ്മുടെ മനസ്സിൽ ഇങ്ങനെ പല വിശ്വാസങ്ങളും ഊറിക്കൂടിയിരിക്കുന്നു. മതത്തിന്റെയും ജാതിയുടെയും അതിർവരമ്പുകൾ നാമെനിയും മായ്ച്ചുകളഞ്ഞിട്ടില്ല. കെവിൻ വധക്കേസ്, മതത്തിനും ജാതിക്കും മുകളിലാണ് മനുഷ്യത്വം എന്ന തിരിച്ചറിവിന്റെ നഷ്ടപ്പെടലിന് ഉത്തമോദാഹരണമാണ്.

ഭാരതീയസമൂഹത്തിൽ ജനങ്ങളെ പലതട്ടുകളിലായ് വിഭജിച്ചിരുന്നു. ആ വിഭജനമാണ് നമ്മുടെ ഐക്യത്തെ തകർത്തത്. ആ ഒരു വിഭജനത്തെ തൂത്തെറിയുന്നതിൽ നാം വിജയിച്ചുവെങ്കിലും സമൂലമായ പരിവർത്തനം ഇനിയും അകലെയാണ്. അന്ധവിശ്വാസങ്ങളിൽനിന്നുപോലും നാമിനിയും മുക്തി നേടിയിട്ടില്ല.

ഫ്രഞ്ച് തത്വചിന്തകനായ റൂസ്സോ അദ്ദേഹത്തിന്റെ പ്രശസ്തകൃതിയായ സോഷ്യൽ കോൺട്രാക്ടിൽ പറയുന്നു "മനുഷ്യൻ സ്വതന്ത്രനായ് ജനിക്കുന്നു. എന്നാൽ എല്ലായിടത്തും അവൻ ചങ്ങലകളിലാണ്." പൂർണസ്വതന്ത്രനായ് ഈ ഭൂമിയിലേക്ക് ജനിച്ചുവീഴുന്ന നമ്മൾക്ക്

CODENO:17

അനേകായിരം ചട്ടങ്ങളാൽ ഈ സമൂഹം ചങ്ങലകൾ തീർക്കുകയാണ്. ആ ചങ്ങലകളെ ഭേദിക്കാനുള്ള ശ്രമത്തിനിടെ നമ്മുടെ ജീവിതം കടന്നുപോകുന്നു.

വർഷങ്ങളോളം ബ്രിട്ടീഷുകാരുടെ ക്രൂരഭരണത്തിൽ വിലപിച്ചു കഴിയേണ്ടിവന്നതിനാലാവാം നമ്മുടെ ഭരണഘടന ജനങ്ങൾക്ക് പൂർണസ്വാതന്ത്ര്യം പ്രദാനം ചെയ്യുന്ന ജനാധിപത്യ വ്യവസ്ഥിതിയിലധിഷ്ഠിതമായത്. ഇവിടെ വ്യക്തിസ്വാതന്ത്ര്യത്തിനാണ് പ്രാധാന്യം. ജനങ്ങളുടെ വിലയിരുത്തലിലാണ് ഭരണം മുന്നോട്ടു പോകുന്നത്.

സ്വാതന്ത്ര്യം ഇത്രത്തോളം പ്രധാനമെങ്കിലും സുഗമമായ സാമൂഹികജീവിതത്തിനും പുരോഗതിക്കും ചില നിയന്ത്രണങ്ങൾ ആവശ്യം തന്നെയാണ്. ഓരോ വ്യക്തിയും അവർക്ക് തോന്നുന്നതെല്ലാം പ്രാവർത്തികമാക്കുകയാണെങ്കിൽ മനുഷ്യവംശത്തിന്റെ നിലനിൽപ്പുതന്നെ അവതാളത്തിലാകും എന്നതിൽ സംശയമില്ല. നിലനിൽക്കുന്ന എത്രയോ ചട്ടങ്ങളിൽ ഏതൊക്കെയാണ് ആവശ്യമെന്നും, ഏതൊക്കെയാണ് അനാവശ്യമെന്നും നമ്മൾ കൃത്യമായ് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മലയാളത്തിന്റെ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ അദ്ദേഹത്തിന്റെ പ്രേമസംഗീതം എന്ന കാവ്യത്തിൽ എഴുതി.

'നമുക്കു നാമേ
പണിവതു നാകം
നരകവുമതുപോലെ'.

എത്ര സത്യമാണ് ഈ വരികൾ. നമുക്ക് സ്വർഗ്ഗ

നരകവും തീർക്കുന്നത് നാം തന്നെയാണ്. നമ്മെ ഓരോരുത്തരെയും തേടിയെത്തുന്നത് നമ്മുടെ കർമ്മത്തിന്റെ ഫലമാണ്. നമ്മുടെ നാളെ എന്താവണം എന്നു തീരുമാനിക്കുന്നത് നാം തന്നെയാണ് എന്നല്ലേ അതിനർഥം. അപ്പോൾ, നമ്മുടെ രാജ്യത്തിന്റെ പുരോഗതിയെയും നിയന്ത്രിക്കുന്നത് നാം തന്നെയാണ്. അതെ, നിലനിർത്തേണ്ട ചട്ടങ്ങളെ നിലനിർത്തിയും അല്ലാത്തവയെ ഉന്മൂലനംചെയ്തും നമ്മുടെ സമൂഹത്തിന്റെ പുരോഗതിയിൽ നമുക്കും പങ്കാളികളാവാം.